# President of India attends bilateral meetings during his visit to Bangladesh

December 15, 2021

---

## ബംഗ്ലാദേശ് സന്ദർശന വേളയിൽ ഇന്ത്യൻ രാഷ്ട്രപതി ഉഭയകക്ഷി യോഗങ്ങളിൽ പങ്കെടുക്കുന്നു

ഡിസംബർ 15, 2021

### ഇന്ത്യൻ പ്രസിഡൻറ് ബംഗ്ലദേശിൽ; ഉഭയകക്ഷി യോഗങ്ങളിൽ പങ്കെടുക്കുന്നു

### ഇന്ത്യയുടെ 'അയാൾ രാജ്യങ്ങൾക്ക് മുൻഗണന' നയത്തിൽ ബംഗ്ലാദേശിന് ഒരു പ്രത്യേക സ്ഥാനമുണ്ട്: രാഷ്ട്രപതി കോവിന്ദ്

ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് ഇന്ന് (ഡിസംബർ 15, 2021) ധാക്കയിലെ ഹസ്രത്ത് ഷാജലാൽ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തി, അദ്ദേഹത്തെ ബംഗ്ലാദേശ് പ്രസിഡന്റ് മുഹമ്മദ് അബ്ദുൾ ഹമീദ് സ്വീകരിച്ചു. രാഷ്ട്രപതി കോവിന്ദ് 2021 ഡിസംബർ 15 മുതൽ 17 വരെ മൂന്ന് ദിവസങ്ങൾ നീളുന്ന ബംഗ്ലാദേശ് സന്ദർശനത്തിലാണ്, ഇത് കോവിഡ് മഹാമാരിയ്ക്ക് ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണ്.

വിമാനത്താവളത്തിൽ രാഷ്ട്രപതിക്ക് ആചാരപരമായ സ്വീകരണവും ഗാർഡ് ഓഫ് ഓണറും നൽകി. അതിനുശേഷം അദ്ദേഹം സവറിലെ ദേശീയ രക്തസാക്ഷികളുടെ സ്മാരകം സന്ദർശിക്കുകയും ബംഗ്ലാദേശ് വിമോചനയുദ്ധത്തിലെ രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം 32 ധൻമോണ്ടിയിലെ ബംഗബന്ധു മെമ്മോറിയൽ മ്യൂസിയം സന്ദർശിച്ചുക്കുകയും ബംഗ്ലാദേശ് രാഷ്ട്ര പിതാവായ ബംഗബന്ധു ഷെയ്ഖ് മുജീബുർ റഹ്മാനെ ആദരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, രാഷ്ട്രപതി ബംഗ്ലാദേശിലെ രാഷ്ട്രീയ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തി - പ്രസിഡന്റ് മുഹമ്മദ് അബ്ദുൾ ഹമീദ്, പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, വിദേശകാര്യ മന്ത്രി ഡോ. എ.കെ. അബ്ദുൾ മൊമെൻ എന്നിവർ പങ്കെടുത്തു.

ഈ മീറ്റിംഗുകളിൽ, മുജീബ് ബോർഷോയുടെ ചരിത്രപരമായ അവസരത്തിലും ബംഗ്ലാദേശിന്റെ വിമോചനത്തിന്റെ 50-ാം വാർഷികത്തിലും ഇന്ത്യ-ബംഗ്ലാദേശ് ഉഭയകക്ഷി ബന്ധത്തിന്റെ 50 വർഷങ്ങളിലും രാഷ്ട്രപതി ബംഗ്ലാദേശ് സർക്കാരിനെയും ജനങ്ങളെയും അഭിനന്ദിച്ചു.ബംഗ്ലാദേശിന്റെ വിമോചനയുദ്ധം സമീപകാല ചരിത്രത്തിലെ പ്രചോദനാത്മകമായ ഒരു സംഭവമാണെന്നും അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഇന്ത്യ കൃതാർഥമാണെന്നും അദ്ദേഹം പറഞ്ഞു. 50 വർഷം മുമ്പ്, ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ ഭാഷ, ബന്ധുത്വം, മതം, സാംസ്കാരിക ധാർമ്മികത, പരസ്പര ബഹുമാനം എന്നിവയുടെ പൊതുതത്വങ്ങളിൽ ഊന്നിയ പ്രത്യേക സൗഹൃദം ആരംഭിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ 'അയൽരാജ്യങ്ങൾക്ക് മുൻഗണന' എന്ന നയത്തിൽ ബംഗ്ലാദേശിന് പ്രത്യേക സ്ഥാനമുണ്ടെന്ന് രാഷ്ട്രപതി ആവർത്തിച്ചു. ബംഗ്ലാദേശുമായുള്ള ഇന്ത്യയുടെ വികസന പങ്കാളിത്തം ഏറ്റവും സമഗ്രവും വിശാലവുമായ ഒന്നാണെന്നും അതേ സമയം, ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പാകത്തിന് പക്വതയുള്ളതുമാണ് എന്ന് അദ്ദേഹം പറഞ്ഞു.

വ്യാപാരത്തെക്കുറിച്ചും കണക്റ്റിവിറ്റിയെക്കുറിച്ചും സംസാരിച്ച രാഷ്ട്രപതി, ഇന്ത്യ-ബംഗ്ലാദേശ് ബന്ധത്തിന്റെ പ്രധാന സ്തംഭമാണ് കണക്റ്റിവിറ്റിയെന്ന് അദ്ദേഹം അഭിപ്രയപ്പെട്ടു. ഭൂമിശാസ്ത്രപരമായ സാമീപ്യത്തിൽ നിന്ന് ഇരു രാജ്യങ്ങൾക്കും ഏറെ നേട്ടങ്ങളാണുള്ളത്. ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ ഒന്നാണ് ബംഗ്ലാദേശ് എന്ന കാര്യം അദ്ദേഹം സന്തോഷത്തോടെ അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിൽ കൂടുതൽ സംഘടിതവും തടസ്സമില്ലാത്തതുമായ വ്യാപാരം ഇന്ത്യ പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.ബഹിരാകാശം, ആണവസാങ്കേതികവിദ്യ, പ്രതിരോധം, ഫാർമസ്യൂട്ടിക്കൽസ്, മറ്റ് വികസിത ശാസ്ത്രസാങ്കേതിക മേഖലകൾ തുടങ്ങിയ മേഖലകളിൽ പങ്കാളിത്തത്തിന് വളരെയധികം സാധ്യതയുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഔപചാരികമായ ഒരു 'സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ' പരസ്പരമുള്ള വ്യാപാരത്തിന് കാര്യമായ ഉത്തേജനം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

കൊവിഡ് പകർച്ചവ്യാധിയുടെ കാലത്ത് ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള സഹകരണം ചൂണ്ടിക്കാട്ടി, പകർച്ചവ്യാധി സമയത്ത് ബംഗ്ലാദേശിൽ നിന്ന് ലഭിച്ച പിന്തുണയെ രാഷ്ട്രപതി അഭിനന്ദിച്ചു. ഇന്ത്യയിൽ നിന്ന് വാക്സിനുകൾ ആദ്യമായി സ്വീകരിച്ച രാജ്യങ്ങളിലൊന്നാണ് ബംഗ്ലാദേശ്, കൂടാതെ ഇന്ത്യയിൽ നിർമ്മിച്ച വാക്സിനുകളുടെ ഏറ്റവും വലിയ സ്വീകർത്താവ് കൂടിയാണ് ബംഗ്ലാദേശ് എന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

ബഹുരാഷ്ട്ര വേദികളിലെ സഹകരണത്തെക്കുറിച്ച് സംസാരിച്ച രാഷ്ട്രപതി, ഇന്ത്യയ്ക്കും ബംഗ്ലാദേശിനും പ്രശ്നങ്ങളുടെയും പൊതുവായ ആശങ്കകളുടെയും വിശാലമായ അജണ്ടയാണുള്ളതെന്നും പ്രത്യേകിച്ച് ദക്ഷിണേഷ്യയുമായി ബന്ധപ്പെട്ട് കൂടുതൽ സഹകരണം ആവശ്യമാണെന്നും പറഞ്ഞു.

വൈകുന്നേരത്തോടെ, ബംഗഭാബനിൽ ബംഗ്ലാദേശ് പ്രസിഡന്റ് അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരുക്കിയ വിരുന്നിൽ രാഷ്ട്രപതി പങ്കെടുത്തു.

നാളെ, രാഷ്ട്രപതി വിക്ടറി ഡേ പരേഡിന് സാക്ഷ്യം വഹിക്കുകയും "മുജീബ് ബോർഷോ" ആഘോഷങ്ങളുടെ സമാപനം അടയാളപ്പെടുത്തുന്നതിനായി ബംഗ്ലാദേശ് പ്രസിഡന്റ് ആതിഥേയത്വം വഹിക്കുന്ന വിജയദിന സ്വീകരണത്തിൽ പങ്കെടുക്കുകയും ചെയ്യും.

**ധാക്ക**
**ഡിസംബർ 15, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.